**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**സാന്നിദ്ധ്യം : ഡോ.അദീല അബ്ദുള്ള ഐ.എ.എസ്**

**ഉത്തരവ് നം: ICDS/B6-7777/2021** **തീയതി: 05.10.2021**

വിഷയം:-വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ് -അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പ്- പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ **Performance Linked Incentive-കുടിശ്ശിക തുക** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. കേന്ദ്ര വനിതാ - ശിശു വികസന മന്ത്രാലയത്തിന്റെ 20.09.2018 ലെ 11-36/2016 -CD- I നമ്പർ കത്ത്
2. സ.ഉ (സാ.ധാ) നം.81/2019/സാ.നീ.വ തീയതി 11/02/2019
3. ഈ കാര്യാലയത്തിലെ 06.03.2019 ലെ ICDS/B6-5775/18 നമ്പർ കത്ത്
4. ഈ കാര്യാലയത്തിലെ 16.08.2021 ലെ ICDS/B6-7777/2021 നമ്പർ ഉത്തരവ്

സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടേയും, മിനി അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും, കേന്ദ്ര സർക്കാർ വിഹിതം ഉൾപ്പെടെയുള്ള പ്രതിമാസ ഹോണറേറിയം യഥാക്രമം 12000/- രൂപയും, 11000/- രൂപയും 8000/-രൂപയുമായി പരാമർശം (2) പ്രകാരം വർദ്ധിപ്പിച്ചുകൊണ്ടും അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസ ഹോണറേറിയത്തിന് പുറമേ അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിന്, ഹെൽപ്പർമാരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250/- രൂപ Performance Linked Incentive ഇനത്തിൽ നൽകുവാനും ഉത്തരവായിരുന്നു.

പരാമർശം (4) പ്രകാരം പ്രസ്തുത ഇൻസെന്റീവ് തുക2235-02-102-47-01-5-0A (P) ശീർഷകത്തിൽ നിന്നും 2021 ആഗസ്റ്റ് മാസം മുതൽ ( 2021 ആഗസ്റ്റ് മാസത്തെ ഹോണറേറിയത്തോടോപ്പം) മാറി നൽകുന്നതിന് അനുമതി നൽകിയിരുന്നു

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം Performance Linked Incentive ന് 01.10.2018 മുതൽ പ്രാബല്യം അനുവദിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അങ്കണവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥിര /താത്കാലിക അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസം 250/- രൂപ (ഇരുനൂറ്റിയൻപത് രൂപ മാത്രം) Performance Linked Incentive ഇനത്തിൽ **01.10.2018 മുതലുള്ള കുടിശ്ശിക തുക** അനുവദിച്ച് ഉത്തരവാകുന്നു.

അങ്കണവാടി ഹെൽപ്പർമാരുടെ **2021 ഒക്ടോബർ** മാസത്തെ കേന്ദ്ര വിഹിതം ഹോണറേറിയത്തോടോപ്പം ബന്ധപ്പെട്ട സൂപ്പർവൈസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Performance Linked Incentive കുടിശ്ശിക തുക കൂടി ഉൾപ്പെടുത്തി 2235-02-102-47-01-5-0A (P) ശീർഷകത്തിൽ നിന്നും മാറി നൽകേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
പകർപ്പ്

1. സൂപ്രണ്ട് എ സെക്ഷൻ
2. സൂപ്രണ്ട് പ്ലാനിംഗ് സെക്ഷൻ
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്